**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2114**

**11.03.2020- ൽ മറുപടിക്ക്.**

## വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സ്വകാര്യ കമ്പനിക്ക് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. ശിവകുമാർ | **ഇ. പി. ജയരാജൻ** **(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| (എ) വേളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു സ്വകാര്യ കമ്പനിയ്ക്ക് അഞ്ച് ഏക്കർ ഭൂമി നൽകണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണ് പ്രസ്തുത അപേക്ഷ ലഭിച്ചതെന്ന് അറിയിക്കാമോ ; | (എ) : ഉണ്ട്. ലുലു ഇന്റർനാഷണൽ ഷോപ്പിങ് മാൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നാണ് അപേക്ഷ ലഭിച്ചത്. |
| (ബി) മുൻഗണനാ ക്രമത്തിന് വിരുദ്ധമായി പ്രസ്തുത സ്വകാര്യ കമ്പനിക്ക് ഭൂമി നൽകണമെന്നുള്ള നിർദ്ദേശം ഏത് സാഹചര്യത്തിലാണ് ഉണ്ടായതെന്നും ആരാണ് പ്രസ്തുത നിർദ്ദേശം നൽകിയതെന്നും വ്യക്തമാക്കുമോ ; | (ബി) & (സി) : മുൻഗണനാ ക്രമത്തിന് വിരുദ്ധമായി പ്രസ്തുത സ്വകാര്യ കമ്പനിക്ക് ഭൂമി നൽകണമെന്നുള്ള നിർദ്ദേശം നൽകിയിട്ടില്ലാത്തതിനാൽ അതിനു വിരുദ്ധമായിട്ടുള്ള റിപ്പോർട്ടും ഉണ്ടായിട്ടില്ല. 20/02/2020-ലെ സ.ഉ.(സാധാ) നം. 157/2020/വ്യവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണപരമായ ക്രമീകരണവും പൊതുതാത്പര്യവും പരിഗണിച്ച് നടത്തിയ വ്യവസായ വാണിജ്യ വകുപ്പിലെ ജനറൽ മാനേജർമാരുടെ സ്ഥലം മാറ്റത്തിൽ തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും ഉൾപ്പെട്ടിരുന്നു. |
| (സി) പ്രസ്തുത സ്വകാര്യ കമ്പനിക്ക് അഞ്ച് ഏക്കർ ഭൂമി നൽകുന്നതിനുള്ള നിർദ്ദേശത്തിന് വിരുദ്ധമായി തിരുവനന്തപുരം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; പ്രസ്തുത ജനറൽ മാനേജരെ സ്ഥലം മാറ്റിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ.

ജക/06/03/20